# സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിങ് ടെക്നോളജി (സി-ഡിറ്റ്)

**വീഡിയോ കമ്മ്യൂണിക്കേഷൻ ഡിവിഷൻ, തിരുവനന്തപുരം — 695 034**

**നം.282/വി.സി.ഡി/സി-ഡിറ്റ്/2020** **07.12.2020**

## ശിൽപികൾ, ആർട്ടിസ്റ്റുകൾ, പ്രിന്റിംഗ് പ്രസ്സുകൾ എന്നിവരുടെ എംപാനൽമെന്റിന് അപേക്ഷ ക്ഷണിക്കുന്നു

സി-ഡിറ്റിന്റെ വിവിധ പ്രോജക്ടുകളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് **ശിൽപികൾ, ആർട്ടിസ്റ്റുകൾ, പ്രിന്റിംഗ് പ്രസ്സുകൾ** എന്നിവരുടെ എംപാനൽമെൻറ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

### കാറ്റഗറി 1 — ശിൽപികൾ (Sculptors)

യോഗ്യത —

1. ടെറാക്കോട്ട സിമന്റ്, കളിമൺ എന്നിവയിൽ ശിൽപങ്ങൾ നിർമ്മിച്ചുള്ള പ്രായോഗിക പരിചയം
2. ശിൽപകലയിൽ മുൻപരിചയം ഉണ്ടായിരിക്കണം.
3. മുൻപരിചയം തെളിയിക്കുന്നതിനായി പൂർത്തീകരിച്ച പ്രധാന ശിൽപങ്ങളുടെ ഫോട്ടോ, അനുബന്ധ വിശദാംശങ്ങൾ (ഏതു സ്ഥാപനത്തിനുവേണ്ടി നിർമ്മിച്ചത്, വലിപ്പം, മാധ്യമം) എന്നിവ അപേക്ഷയോടൊപ്പം സമർപ്പിക്കണം.
4. വിശദമായ ബയോഡാറ്റ, അനുബന്ധ രേഖകൾ എന്നിവ സഹിതം താഴെ പറയുന്ന തീയതിക്കു മുൻപായി നേരിട്ടോ, തപാൽ മുഖേനയോ സമർപ്പിക്കേണ്ടതാണ്.
5. അപേക്ഷാഫോം മാതൃക (കാറ്റഗറി 1) ഇതോടൊപ്പം ചേർത്തിരിക്കുന്നു.

### കാറ്റഗറി 2 — ആർട്ട് ഡയറക്ടർ (Art Directors)

യോഗ്യത —

1. ഡിജിറ്റൽ ഫോട്ടോ എക്സിബിഷൻ പാനലുകൾ തയ്യാറാക്കുന്നതിനും ഇവയ്ക്കുള്ള സ്റ്റാൻഡുകൾ (തടിയിൽ തീർത്തത്), ഡിസൈനർ ഇരിപ്പിടങ്ങൾ (തടി) എന്നിവ ചെയ്തുള്ള മുൻപരിചയം.
2. മ്യൂസിയം / എക്സിബിഷൻ നിർവ്വഹണവുമായി ബന്ധപ്പെട്ട കലാപരമായ പ്രവർത്തനങ്ങൾ ചെയ്തുള്ള മുൻപരിചയം
3. മുൻപരിചയം തെളിയിക്കുന്നതിനായി പ്രവൃത്തികളുടെ ഫോട്ടോ, സ്ഥാപനങ്ങളുടെ പേര് എന്നിവ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.
4. അപേക്ഷാ ഫോം മാതൃക (കാറ്റഗറി 2) ഇതോടൊപ്പം ചേർത്തിരിക്കുന്നു.

**കാറ്റഗറി 3 – പ്രിന്റിംഗ് പ്രസ്സുകൾ (Printing Firms)**

യോഗ്യത – 1. കേരളത്തിനകത്തു രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന സ്ഥാപനമായിരിക്കണം. (പ്രിൻറിംഗ് സജ്ജീകരണം കേരളത്തിനകത്ത് ഉണ്ടായിരിക്കണം).

2. ഓഫ് സെറ്റ് അച്ചടിയിൽ കുറഞ്ഞത് അഞ്ച് വർഷത്തെ പ്രവൃത്തി പരിചയം ഉണ്ടായിരിക്കണം.

3. സർക്കാർ സ്ഥാപനങ്ങൾക്കുവേണ്ടി പ്രവൃത്തികൾ ഏറ്റെടുത്തു പൂർത്തീകരിച്ച മുൻപരിചയം ഉണ്ടായിരിക്കണം.

4. PAN, GST രജിസ്ട്രേഷൻ എന്നിവ ഉണ്ടായിരിക്കണം (രേഖകളുടെ പകർപ്പ് സമർപ്പിക്കണം).

5. ഏറ്റവും ഒടുവിലത്തെ മൂന്ന് വർഷങ്ങളിൽ പ്രതിവർഷം 25 ലക്ഷം രൂപയുടെ ടേൺ ഓവർ ഉണ്ടായിരിക്കണം.

6. ആവശ്യമായപക്ഷം ആദായനികുതിയുടെ മൂന്ന് വർഷത്തെ പകർപ്പ് ലഭ്യമാക്കണം.

7. അപേക്ഷാഫോം മാതൃക (കാറ്റഗറി 3) ഇതോടൊപ്പം ചേർത്തിരിക്കുന്നു.

കാറ്റഗറി 1, 2, 3-ൽ അപേക്ഷിക്കുന്നതിന് താൽപര്യപ്പെടുന്ന വ്യക്തികൾ/സ്ഥാപനങ്ങൾ എന്നിവ അപേക്ഷ, ബയോഡാറ്റ, അനുബന്ധ രേഖകൾ എന്നിവ സഹിതം **2020 ഡിസംബർ 22-നു വൈകുന്നേരം 5 മണിക്കകം** നേരിട്ടോ, തപാൽ മുഖേനയോ താഴെപ്പറയുന്ന വിലാസത്തിൽ അപേക്ഷിക്കേണ്ടതാണ് :

**രജിസ്ട്രാർ**
സി-ഡിറ്റ്
വീഡിയോ കമ്മ്യൂണിക്കേഷൻ ഡിവിഷൻ,
ഗോർക്കിഭവൻ, വാൻ റോസ് ജംഗ്ഷൻ,
തിരുവനന്തപുരം – 695 034, കേരളം
കൂടുതൽ വിവരങ്ങൾക്ക് : 9567082288

**രജിസ്ട്രാർ, സി-ഡിറ്റ്**